# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ -27 | 25.04.2017 ൽ മറുപടിയ്ക്ക്

## കേസ്സന്വേഷണത്തിൽ പോലീസ് ഉദ്യോഗസ്ഥരുടെ വീഴ്ച

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.മുരളീധരൻ | ശ്രീ.പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) കൊലപാതകം ഉൾപ്പെടെയുള്ള കേസ്സുകളിൽ അന്വേഷണ ഉദ്യോഗസ്ഥരുടെ അശ്രദ്ധയും ഒത്തുകളിയും കാരണം പ്രതികൾ ശിക്ഷിക്കപ്പെടാതെ പോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പോലീസ് സ്റ്റാന്റിംഗ് ഓർഡർ, കാലാകാലങ്ങളിൽ നൽകിയിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ എന്നിവ പ്രകാരം കൊലപാതകം, ബലാത്സംഗം, തട്ടിക്കൊണ്ടു പോകൽ തുടങ്ങിയ ഹീനമായ കുറ്റകൃത്യങ്ങൾ വളരെ ശാസ്ത്രീയവും കുറ്റമറ്റ രീതിയിലുമാണ് അന്വേഷിച്ചു വരുന്നത്. |
| (ബി) നിരപരാധികളായവരെ വ്യക്തിവൈരാഗ്യത്തിന്റെ പേരിലും രാഷ്ട്രീയ ശത്രുതയുടെ പേരിലും കേസിൽ കുടുക്കുകയും പിന്നീട് കോടതി അവരെ നിരപരാധികൾ ആണെന്ന് പറഞ്ഞ് വിട്ടയക്കുകയും ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) അന്വേഷണ ഉദ്യോഗസ്ഥരുടെ ഏതെങ്കിലും തരത്തിലുള്ള നടപടിയോ മറ്റ് പ്രവൃത്തികൾ കാരണമോ മനഃപൂർവ്വമായ വീഴ്ച കാരണമോ ദുരുദ്ദേശപരമായ നടപടികൾ ഉണ്ടാകുകയാണെങ്കിൽ അത്തരത്തിലുള്ള ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല അച്ചടക്ക നടപടിയും നിയമ നടപടിയും കൈക്കൊള്ളുന്നുണ്ട്. കോടതി വിധി ന്യായത്തിൽ ഏതെങ്കിലും ഉദ്യോഗസ്ഥർക്കെതിരെ പരാമർശങ്ങൾ നടത്തുന്ന സാഹചര്യത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല നടപടികൾ എടുക്കാറുണ്ട്. ഇത് വളരെ കർശനമായി പാലിച്ചു വരുന്നു. |
| (സി) ഇത്തരം സംഭവങ്ങളിൽ ഉത്തരവാദികളായ പോലീസ് ഉദ്യോഗസ്ഥരുടെ പേരിൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (സി) ഗുരുതരമായ വീഴ്ചകൾ ശ്രദ്ധയിൽപ്പെടുന്ന അവസരങ്ങളിൽ ശക്തമായ നടപടികൾ സ്വീകരിക്കാറുണ്ട്. |
| (ഡി) ഇത്തരം പാളിച്ചകൾക്ക് എതിരെ നടപടി എടുക്കുവാൻ ആവശ്യമായ നിയമങ്ങൾ നിലവിലുണ്ടോ; | (ഡി) നിയമങ്ങൾ നിലവിലുണ്ട്. |

(ഇ) ഇത് സംബന്ധിച്ച നിയമത്തിൽ പോരായ്മകൾ ഉണ്ടെങ്കിൽ അത് പരിഹരിക്കുവാൻ നടപടികൾ സ്വീകരിക്കുമോ?

(ഇ) നിയമങ്ങളും നടപടി ക്രമങ്ങളും ഇപ്പോഴത്തെ സാഹചര്യത്തിൽ പര്യാപ്തമാണ്. എന്നാൽ കാര്യമാത്ര പ്രസക്തമായ ഏതെങ്കിലും പോരായ്മകൾ ചൂണ്ടിക്കാണിക്കുന്ന അവസരത്തിൽ വേണ്ട നടപടികൾ സ്വീകരിക്കുന്നതായിരിക്കും.

സെക്ഷൻ ഓഫീസർ.